Reg. No.................................................    Name...................................................    **18U406**

# B. A. / B. Sc. DEGREE END SEMESTER EXAMINATION MARCH 2018

## SEMESTER – 4: ADDITIONAL LANGUAGE MALAYALAM FOR B. A. / B. Sc.

## COURSE: 15U4CCMAL4A: GADHYAM, RACHANAPARICHAYAM

*(Common for Regular 2016 Admission & Supplementary 2015 & 2014 Admissions)*

Time: Three Hours    Max. Marks: 75

**എ വിഭാഗം**

**ഒററ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.**

1. 'എന്റെ കൊച്ചു മകൾ' ആരുടെ കവിതയാണ്?
2. ദുരവസ്ഥയുടെ സഹോദരിയെന്ന് ആശാൻ വിശേഷിപ്പിച്ച കൃതിയേത്?
3. ലോകത്തിലെ ഏററവും വലിയ ക ൽക്കാടേത്?
4. വിക്കിപീഡിയയുടെ സ്ഥാപകർ ആരൊക്കെയാണ്?
5. വർണ്ണമെന്നാലെന്താണ്?
6. 'മറയ്ക്കുടയ്ക്കുള്ളിലെ മഹാനരകം' ആരുടെ കൃതിയാണ്?
7. സന്ധിചെയ്തെഴുതുക. 1) ഉള് + മ
8. തെററു ങ്കിൽ തിരുത്തുക.
   1) ഭൗതീകം   2) ധർമ്മം   3) സാമ്രാട്ട്   4) മനസ്സ്
9. പിരിച്ചെഴുതുക.
   നെന്മണി
10. അർത്ഥവ്യത്യാസം കുറിക്കുക.
   1) പക്ഷപാതം   2) പക്ഷപാദം   (1 x 10 = 10)

**ബി വിഭാഗം**

**അരപ്പുറത്തിൽ കവിയാതെ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

11. പുനരുജ്ജീവനത്തെ (റിവൈവൽ) കുറിച്ചുള്ള ലേഖകന്റെ അഭപ്രായങ്ങൾ എന്തെല്ലാം?
12. ദുരവസ്ഥയിലെ ദേശാഖ്യാനം ആശാൻ നിർവ്വഹിച്ച മററ് ആഖ്യാനങ്ങളിൽനിന്ന് ഏറെ ദുഷ്കരവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമാണെന്ന് ലേഖകൻ അഭിപ്രായപ്പെടാനുള്ള കാരണമെന്ത്?
13. ലിപ്യന്തരണം എന്നാൽ എന്ത്?
14. നാനോടെക്നോളജിയുടെ സാധ്യതകൾ എന്തെല്ലാം?
15. ശാസ്ത്രലേഖനങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയുടെ പ്രത്യേകതകൾ എന്തൊക്കെ?
16. ആശാൻ ബാഹ്യമായി ഹിന്ദുമതാനുയായിയും ആഭ്യന്തരമായി ഒരു ബുദ്ധമതവിശ്വാസിയും ആയിരുന്നു എന്ന് ലേഖകൻ സ്ഥാപിക്കുന്നതെങ്ങനെ ?
17. ഗ്രാമചൈതന്യമാണ് ഫോക്‌ലോറുകൾ എന്നു പറയാനുള്ള കാരണമെന്ത്?
18. സമുദ്രജല നിരപ്പ് ഉയരുന്നത് തീരദേശ ആവാസവ്യവസ്ഥകളെ എപ്രകാരം ബാധിക്കുമെന്ന് വിശദീകരിക്കുക.

19. അർഥപരിണാമത്തെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക?

20. യോഗക്ഷേമസഭാ സമ്മേളനത്തിൽ തന്നെ പുച്ഛിച്ച ഉന്നതർക്ക് വി.ടി. നല്കിയ മറുപടിയെന്ത്?

(2 x 8 = 16)

**സി വിഭാഗം**

**ഒരുപുറത്തിൽ കവിയാതെ (ചോദ്യം 22–23 ഉൾപ്പെടെ)**

**അഞ്ചുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

21. പെണ്ണെഴുത്തിനെക്കുറിച്ചുള്ള ലേഖികയുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക?

22. താഴെകൊടുത്തിരിക്കുന്ന ഇംഗ്ലീഷ് വാർത്ത മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക. തുടർന്ന് മലയാളം വാർത്തയും പരിഭാഷയും താരതമ്യം ചെയ്യുക.

US President Barack Obama said Saturday that his decision to stay in Taj Hotel is a powerful message against terrorism and demanded that the perpetrators of the horrific Mumbai attacks be brought to justice. Beginning his three day maiden visit to india by paying hom age to the victims of the 26/11 attacks, he said he was looking forward to deepening partnership in counter terrorism during his meeting with Prime Minister Manmohan Singh.

23. തെററുകൾ ഒഴിവാക്കി ചിഹ്നങ്ങൾ ചേർത്ത് വാക്യഘടന പരിഷ്കരിക്കുക.

എന്താണ് ഒന്നും മി ാത്തത് രാച്ചിയമ്മ കൈത്ത പിടിച്ചു കുലുക്കി ഞാൻ കീഴ്പ്പോട്ടു നോക്കിക്കൊ ു പറഞ്ഞു ക്ഷമിക്കണം രാച്ചിയമ്മ ഉപദ്രവിച്ചതിൽ വ്യസനമു ് ഈ വാക്കുകൾ രാച്ചിയമ്മയെ അധികം കരയിപ്പിച്ചു നിലാവിന്റെ ഇതളുകൾ കൊഴിയാൻ തുടങ്ങിയപ്പോൾ ഞങ്ങൾ ര ു വഴിക്കു നീങ്ങി നിഴലുകളും കോടമഞ്ഞും കൂടിക്കുഴഞ്ഞ അന്തരീക്ഷത്തിലേക്കു മറഞ്ഞു പോകുന്ന അവളെ നോക്കിക്കൊ ് നിന്നപ്പോൾ അകത്തു നിന്നൊരു ചോദ്യം നീ ആരാണമ്മാ

24. ചുവടെ കൊടുത്തിരിക്കുന്ന കവിത വായിച്ച് പാഠസാധ്യതകൾ വിശകലനം ചെയ്യുക.

ഇപ്പോൾ കുന്നുകളെല്ലാം
റോഡു പണിക്കു പോകുന്നു,
കരയുന്ന വീടുകളെ
ഉറക്കികിടത്തിക്കൊ ്.
പന്തലംകുന്ന്, പൂത്രക്കുന്ന്
പുളിയാറക്കുന്ന്, പറക്കുന്ന്
ചോലക്കുന്ന്, ചന്തക്കുന്ന്
കരിമ്പനക്കുന്ന്........
പേരുവിളിക്കുമ്പോൾ
വരിവരിയായി വന്ന്
ലോറിയിൽ കയറണം,
പറഞ്ഞ സ്ഥലത്ത് ഇറങ്ങണം.
നിരപ്പാക്കിയ തലയിൽ
എട്ടുവരിപ്പാത ചുമന്നു നിന്നു കൊള്ളണം
തലയ്ക്കു മീതേ കാലം
ശൂന്നു പായും അനങ്ങരുത്! (പി.പി. രാമചന്ദ്രന്റെ കാറേറ കടലേ എന്ന കവിതയിൽ നിന്ന്)

25. പാഠവിശകലനം നടത്തുക.

കുടിക്കാനെടുക്കുന്ന വെള്ളത്തിലും തിന്നുന്ന ചോറിലും എല്ലാം ചന്ദ്രികയുടെ മുഖം മാത്രം ക ു കരഞ്ഞുകൊ ് രമണൻ അവശനായി. സ്ത്രീകളുടെ ക്രൂരതയെപ്പററി കുറെ കഥകൾ പറഞ്ഞ് മദനൻ അയാളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. എല്ലാ കഥകളിലും അവസാനം വഞ്ചിതനായ കാമുകൻ തൂങ്ങിച്ചാവുകയായിരുന്നു.

എനിക്കു നിങ്ങളെ കല്യാണം കഴിക്ക ........ കല്ല്യാണപ്പന്തലിൽവച്ച് വരണമാല്യം കൈയിൽ പിടിച്ച് ചന്ദ്രിക നാടകീയമായി പറഞ്ഞു. എതിരേ മരവിച്ചു നില്ക്കുന്ന മീശക്കാരന്റെ മുന്നിലേക്ക് അവൾ പൂമാലയിട്ടു. എനിക്കു പോണം......... ഹോമകുണ്ഡം ചാടിക്കടന്നു തടയാൻ വന്ന പൂജാരിയെ നിലത്തേക്കു തള്ളിയിട്ട് ചന്ദ്രിക നിമിഷ നേരംകൊ ് പുറത്തെത്തി. ഹിന്ദിസിനിമയിലെപ്പോലെ തലയിലൂടെ മുഖം മറച്ചിടുന്ന ഒരു ദുപ്പട്ടകൂടി ഉ ായിരു ന്നെങ്കിൽ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി വലിച്ചെറിയാമായിരുന്നെന്ന് അവൾക്കു തോന്നി. ബഹളംകൂട്ടുന്ന ആൾക്കാർക്കിടയിലൂടെ കടന്ന് അവൾ രമണന്റെ വീട്ടിലേക്ക് ഓടാൻ തുടങ്ങി.

എരുമപ്പുറത്തു കയറിനിന്ന് വീട്ടുമുററത്തെ മരക്കൊമ്പിൽ കെട്ടിയ കുരുക്ക് കഴുത്തിലേക്കിടാൻ ധൈര്യം സംഭരിക്കുകയായിരുന്നു രമണൻ. കുരുക്ക് കഴുത്തിലേക്കമർന്ന അതേ നിമിഷത്തിൽ പിന്നിലൂടെ വന്ന ചന്ദ്രിക കൈയിലിരുന്ന വടികൊ ് അതു തട്ടിത്തെറിപ്പിച്ചു. ഞാൻ തക്കസമയത്തെത്തി. ഒരു വടിക്ക് നീളം മതിയായില്ലെങ്കിലോ എന്നു കരുതി കൊ ുവന്ന നീളൻ വടി കൈയിൽ വാൾപോലെയിട്ട് ചുഴററിക്കൊ ് ചന്ദ്രിക പറഞ്ഞു. അവസാനം ഞാൻ തോല്പ്പിച്ചില്ലേ? ജുബ്ബ മാററി പാവുമു ും ഷർട്ടുമിട്ട് പ്ലാസ്റ്റിക് സഞ്ചിയും തൂക്കി എവിടെയോ പോകാൻ തയ്യാറായി നില്ക്കുന്ന മദനനോട് ചോദിച്ചു. ആരെ? എല്ലാവരെയും. ആ കള്ളുകുടിയൻ കവിയെ, നിന്നെ, അടുത്തയാഴ്ച തുടങ്ങുന്ന സീരിയലിലെ സംവിധായകനെ...... (സിതാരയുടെ പ്രണയചന്ദ്രിക എന്ന കഥയിൽ നിന്ന്)

26. വാർത്ത തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ഏവ?

27. മലയാളത്തിന്റെ ഭാഗമായി മാറിയ അന്യഭാഷാപദങ്ങളെക്കുറിച്ച് ഉപന്യസിക്കുക. (5 x 5 = 25)

**ഡി വിഭാഗം**

**ര ു ചോദ്യങ്ങൾക്ക് നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

28. കേരളീയ നവോത്ഥാനം ഏകമുഖമല്ലെന്ന് എം.എൻ. വിജയൻ വാദിക്കാനുള്ള കാരണങ്ങൾ എന്തൊക്കെ?

അല്ലെങ്കിൽ

സാവിത്രിയുടെ മൈന ഒരു പാവം കിളിയല്ലെന്ന് ലേഖകൻ സ്ഥാപിക്കുന്നതെങ്ങനെ?

29. പെണ്ണെഴുത്ത്

അല്ലെങ്കിൽ

ജലമലിനീകരണം കേരളത്തിൽ (12 x 2 = 24)

**********